പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3530 12/12/2014 - ൽ മറുപടിക്ക്

പക്ഷിപ്പനിയും സാധ്യതാ പഠന റിപ്പോർട്ടും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ്, പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നോ;എങ്കിൽ വിശദാംശം നൽകുമോ; | എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ് പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നില്ല. ദേശാടന പക്ഷികളിൽ നിന്നും വളർത്തുന്ന പക്ഷികളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരുന്നുവെങ്കിലും പക്ഷിപ്പനിയുടെ വൈറസിന്റെ സാന്നിധ്യം അറിയിച്ചിരുന്നില്ല. |
| ബി) അപ്രകാരം ലഭിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) ബാധകമല്ല. |
| സി) പക്ഷിപ്പനിയുടെ വിവരം മുൻകൂട്ടി അറിഞ്ഞിട്ടും വേണ്ടത്ര മുൻകരുതൽ എടുക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്ന് വിലയിരുത്തുന്നുണ്ടോ; | സി) വീഴ്ച സംഭവിച്ചിട്ടില്ല. |
| ഡി) താറാവ് കർഷകർക്ക് വന്നു ചേർന്നിട്ടുള്ള നഷ്ടം പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) താറാവ് കർഷകർക്ക് പക്ഷിപ്പനി ബാധമൂലം നഷ്ടപ്പെട്ട താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും , രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ട പരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ